LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡിലെ അംഗങ്ങൾക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്താൻ നടപടി

98 (7934) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ അംഗങ്ങളാകുന്നവർക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ അംഗങ്ങളാകുന്നവർക്ക് പെൻഷനോ ക്ഷേമനിധിയോ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ അംഗങ്ങളാകുന്നവർക്ക് ഭരണ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീസും യാത്രാ പടിയും നിശ്ചയിച്ച് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രസിഡന്റ്/വൈസ് പ്രസിഡന്റുമാർക്ക് ഓണറേറിയം നൽകുന്നതിനും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ അംഗങ്ങളാകുന്നവർക്ക് പെൻഷനോ ക്ഷേമനിധിയോ ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഇതുസംബന്ധിച്ച വിശദമായ പഠനം നടത്തിയതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

അഞ്ച് വർഷത്തിൽ കൂടുതൽ സേവനകാലമുള്ള കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്താൻ നടപടി

99 (7935) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ എത്ര കളക്ഷൻ ഏജന്റുമാരുണ്ട് ;

(ബി) അഞ്ച് വർഷത്തിൽ കൂടുതൽ കാലമായി ജോലി നോക്കുന്ന എത്ര പേരുണ്ട് ;

(സി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ഡി) സഹകരണ ബാങ്കുകളിൽ ജോലി നോക്കുന്ന കളക്ഷൻ ഏജന്റുമാരുടെ ജോലി സ്ഥിരതയും സേവന-വേതന വ്യവസ്ഥകളും സംബന്ധിച്ച് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(ഇ) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) അഞ്ച് വർഷത്തിൽ കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 58 പേർ.

(സി) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന വായ്പ/നിക്ഷേപ പിരിവുകാരുടെ സേവന വേതന വ്യവസ്ഥകൾ, 13-11-2009-ലെ സ.ഉ. (കൈ) നമ്പർ 189/2009/ സഹ നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുള്ളത് ചുവടെ പ്രതിപാദിക്കുംവിധമാണ്:

1. നിക്ഷേപ പിരിവുകാർക്ക് ലഭിക്കുന്ന കമ്മീഷൻ തുകയുടെ 2/3 ഭാഗം പ്രതിമാസ വേതനമായി നൽകണം. നൽകുന്ന തുക 3000 രൂപയിൽ അധികരിക്കുവാൻ പാടില്ല.

2. കമ്മീഷൻ ഏജന്റുമാരുടെ വിരമിക്കിൽ പ്രായം 70 വയസ്സാണ്.

3. ഏറ്റവും കുറഞ്ഞ ബോണസ്/ഫെസ്റ്റിവൽ അലവൻസ് 1000 രൂപയാണ്. ബോണസ്/ഫെസ്റ്റിവൽ അലവൻസ് കണക്കാക്കുന്നതിനുള്ള ശമ്പളപരിധി 3000 രൂപയാണ്.

4. കമ്മീഷൻ ഏജന്റുമാർക്ക് ഏറ്റവും കുറഞ്ഞത് 2%-ഉം പരമാവധി 3%-ഉം കമ്മീഷൻ നൽകാവുന്നതാണ്. മൂന്ന് ശതമാനത്തിൽ അധികരിച്ച് കമ്മീഷൻ നൽകേണ്ടിവരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറുടെ (ജനറൽ) അനുമതി വാങ്ങേണ്ടതാണ്. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇക്കാര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്.

5. കമ്മീഷൻ ഏജന്റുമാരായി ജോലി നോക്കുന്നവർക്ക് അതാത് സ്ഥാപനങ്ങൾ 31-12-2009-നകം തിരിച്ചറിയൽ കാർഡ് നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

6. നിയമനം ലഭിക്കുന്നവരിൽനിന്ന് 10,000 രൂപയുടെ സെക്യൂരിറ്റി നിക്ഷേപവും ഇൻഡെമിനിറ്റി ബോണ്ടും അതാത് സംഘം വാങ്ങണം.

7. വെൽഫെയർ ഫണ്ട് ബോർഡിൽ ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ തുകയ്ക്ക് 12% പലിശ ഈടാക്കണം.

8. ഏറ്റവും കൂടുതൽ തുക നിക്ഷേപമായി സമാഹരിക്കുന്നവർക്ക് സംഘം തലത്തിലും ജില്ലാ തലത്തിലും 2000 രൂപ വീതവും സംസ്ഥാന തലത്തിൽ 10,000 രൂപയും ക്യാഷ് അവാർഡ് നൽകണം.

9. കമ്മീഷൻ ഏജന്റുമാരുടെ ആശ്രിതർക്ക് 5,000 രൂപ ചികിത്സാ ധനസഹായം അനുവദിക്കണം.

10. കമ്മീഷൻ ഏജന്റുമാർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം 10,000 രൂപയിൽ നിന്ന് 20,000 രൂപയായി വർദ്ധിപ്പിച്ചു.

11. സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകി വരുന്ന ധനസഹായം 40,000 രൂപയിൽനിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ കളക്ഷൻ ഏജന്റുമാർക്ക് കളക്ഷൻ തുകയുടെ 2.50% കമ്മീഷനും ടി കമ്മീഷൻ തുകയിൽ നിന്നും പ്രതിമാസം 500 രൂപ നിശ്ചയിച്ച് ശമ്പളമായും നൽകിവരുന്നു.

(ഡി) സഹകരണ സംഘങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ നിക്ഷേപ വായ്പ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും വിവിധ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാരിന്റെ 28-2-2013-ലെ സ.ഉ. (സാധാ) നമ്പർ 138/2013/സഹ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ഇ) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുന്നോടിയായി മേഖലാതല തെളിവെടുപ്പ് സിറ്റിംഗ് നടത്തിവരുന്നു.

(എഫ്) അഞ്ച് വർഷത്തിൽ കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

1281/18

LIBRARY ARCHIVES Kerala Legislative Assembly